(ബി) വ്യാപാരികളുടെ സൗകര്യം കണക്കിലെടുത്ത് ഇവയിലൊന്ന് കൊടുവള്ളിയിലേക്ക് മാറ്റുന്നതിനുള്ള ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) വ്യാപാരികളുടെ സൗകര്യം കണക്കിലെടുത്ത് ഏറ്റവും അധികം സ്വർണ്ണക്കടകളുള്ള കൊടുവള്ളിയിലേക്ക് ഒരു ഓഫീസ് മാറ്റുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഏഴ് സർക്കിൾ ഓഫീസുകൾ.

(ബി) ഇല്ല.

(സി) ഇ-പേയ്മെന്റ്, ഇ-ഫയലിംഗ്, ഫോം-ഡൗൺലോഡിംഗ് സൗകര്യങ്ങൾ നിലവിലുള്ളതുകൊണ്ട് ഓഫീസ് മാറ്റേണ്ടകാര്യമില്ല.

സംസ്ഥാനത്തെ ട്രഷറികളുടെ എണ്ണം

177 (191) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി ആഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര ട്രഷറികൾ നിലവിലുണ്ട് ; ഇവ ഏതൊക്കെ ; ജില്ലതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പുതിയ ട്രഷറികൾ ആരംഭിക്കുവാൻ നടപടിയുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയ ട്രഷറി മന്ദിരനിർമ്മാണത്തിനും, നവീകരണത്തിനുമായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ട്. 2006 മുതൽ ഇതുവരെ ഈയിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്, എന്നിവ വിശദമാക്കുമോ ?

ഉത്തരം

(എ) 209 ട്രഷറികൾ ഇപ്പോൾ നിലവിലുണ്ട്. ഇവയുടെ എണ്ണം താഴെ ചേർക്കുന്നു :

1.	തിരുവനന്തപുരം	-	23
2.	കൊല്ലം	-	17
3.	പത്തനംതിട്ട	-	11

LIBRARY ARCHIVES Kerala Legislative Assembly

4.	ആലപ്പുഴ	-	15
5.	കോട്ടയം	-	16
6.	ഇടുക്കി	-	10
7.	എറണാകുളം	-	20
8.	തൃശ്ശൂർ	-	16
9.	പാലക്കാട്	-	19
10.	മലപ്പുറം	-	15
11.	കോഴിക്കോട്	-	16
12.	വയനാട്	-	6
13.	കണ്ണൂർ	-	17
14.	കാസർഗോഡ്	-	8

(ബി) സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) പുതിയ ട്രഷറി നിർമ്മാണത്തിനും നവീകരണത്തിനുമായി 300 ലക്ഷം രൂപ 2054-00-096-96 പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 4059-01-051-90 പ്ലാൻ ശീർഷകത്തിൽ 10.25 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 60 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. 2006-07 മുതൽ 2010-11-വരെ ആകെ 205.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

നൂറനാട് സബ്ട്രഷറി നിർമ്മിക്കുന്നതിലെ കാലതാമസം

178 (192) ശ്രീ. കെ. കെ. ഷാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-ലും 2009-ലും പ്രഖ്യാപിച്ച നൂറനാട് സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ?

(ബി) സർക്കാർ തലത്തിൽ തീരുമാനം എടുത്ത് നടപ്പാക്കുന്നതിന് ഇത്രയും കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

(സി) നൂറനാട് സബ് ട്രഷറി നിർമ്മാണം ആരെയാണ് ഏല്പിച്ചിരിക്കുന്നത് ; ഈ കെട്ടിട നിർമ്മാണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് തീയതി സഹിതം വ്യക്തമാക്കുമോ ;

(ഡി) 'ഇൻകൽ' എന്ന ഏജൻസിയെ സബ് ട്രഷറികളുടെ കെട്ടിടനിർമ്മാണവും നവീകരണവും ഏല്പിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly